**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925** **11-02-2025 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിനു സർവ്വേ നടത്തുവാൻ വനത്തിലേക്കുള്ള പ്രവേശനാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ വിലങ്ങാട്-വയനാട്ടിലെ കുഞ്ഞോം റോഡ് നിർമാണം സംബന്ധിച്ച് നിയമസഭയിൽ ഉന്നയിച്ച സബ് മിഷന്റെ മറുപടിപ്രകാരം റവന്യൂ-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത വനസർവ്വേയുമായി ബന്ധപ്പെട്ട് വനത്തിലേക്കുള്ള പ്രവേശനാനുമതിക്കായി വകുപ്പിന് തന്നിട്ടുള്ള കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിലെ വിലങ്ങാട്-വയനാട്ടിലെ കുഞ്ഞോം റോഡ് നിർമ്മാണം സംബന്ധിച്ച് നിയമസഭയിൽ ബഹു നാദാപുരം എം.എൽ.എ ശ്രീ. ഇ.കെ വിജയൻ ബഹു പൊതുമരാമത്ത് വകുപ്പ് മന്ത്രി 14.02.2024 ന് മറുപടി പറയുന്നതിനായി ഉന്നയിച്ച സബ് മിഷൻ, ആയതിന് ബഹു പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പ്മന്ത്രിയുടെ മറുപടി എന്നിവ ഉൾപ്പെടുത്തി ബഹു എം.എൽ.എ ആമുഖ കത്ത് സഹിതം വനം വകുപ്പിൽ ലഭ്യമാക്കിയിരുന്നു. ആയത് തുടർനടപടികൾക്കായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & നോഡൽ ഓഫീസർക്ക് കൈമാറിയിരുന്നു. ഇക്കാര്യത്തിൽ യൂസർ ഏജൻസി പരിവേഷ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വനം വകുപ്പിന്റെ ഭാഗത്തുനിന്നും തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ